14159
4/8/17

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - സമാശ്വാസ തൊഴിൽദാന പദ്ധതി - കോഴിക്കോട് ജില്ലയിൽ മേലടി ബ്ലോക്ക് പഞ്ചായത്തിൽ എൽ.ഡി.ക്ലാർക്ക് ആയിരിക്കെ മരണമടഞ്ഞ മുഹമ്മദ് സാലിഹിന്റെ മകൾ ശ്രീമതി ഫദ്‌ല ലിജ്നയ്ക്ക് ഗ്രാമവികസന വകുപ്പിൽ ക്ലാർക്ക് തസ്തികയിൽ നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്

സ.ഉ.(കൈ) നം.143/2017/തസ്വഭവ തിരുവനന്തപുരം, തീയതി, 19.07.2017.

---

പരാമർശം: 1) സ.ഉ.(പി) നം.12/99/ഉഭപവ തീയതി 24.05.1999.

2) 28.06.2016-ലെ കോഴിക്കോട് ജില്ലാ കളക്ടറുടെ ആർഡി2.1218/16 നമ്പർ കത്ത്.

3) 18.01.2017-ലെ ശ്രീമതി.ഫദ്‌ല ലിജ്ന, തോട്ടോളി വീട്, നാമ്പിണ്ട പി.ഒ, കോഴിക്കോട്-673 613-ന്റെ അപേക്ഷ.

4) 05.10.2016, 09.02.2017, 16.05.2017, 23.06.2017 എന്നീ തീയതികളിലെ ഗ്രാമവികസന കമ്മീഷണറുടെ 11049/എസ്റ്റാ.സി1/16/സിആർഡി നമ്പർ കത്തുകൾ.

**ഉത്തരവ്**

സർക്കാരിന്റെ സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ജോലി ലഭിക്കുന്നതിന്, കോഴിക്കോട് ജില്ലയിൽ മേലടി ബ്ലോക്ക് പഞ്ചായത്തിൽ എൽ.ഡി.ക്ലാർക്കായി സേവനമനുഷ്ഠിച്ച വരവെ ഇൻവാലിഡ് പെൻഷനിലിരിക്കുന്ന സമയത്ത്, യഥാർത്ഥ പെൻഷൻ തീയതിയായ 31.05.2016-നു മുമ്പ്, 07.12.2015-ൽ മരണപ്പെട്ട മുഹമ്മദ് സാലിഹിന്റെ മകളായ ശ്രീമതി ഫദ്‌ല ലിജ്ന, തോട്ടോളി വീട്, നാമ്പിണ്ട-പി.ഒ, കോഴിക്കോട്-673 613 സർക്കാരിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പരേതനായ മുഹമ്മദ് സാലിഹിന്റെ ജനന തീയതി 31.05.1960-ഉം, സർവ്വീസിൽ പ്രവേശിച്ച തീയതി 03.03.1997-ഉം ആണ്. ടിയാന് 14 വർഷം, 9 മാസം, 19 ദിവസം സേവനദൈർഘ്യം ഉണ്ടായിരുന്നു.

2) ഗ്രാമവികസന കമ്മീഷണറുടെ പരാമർശം (4)-ലെ കത്തു പ്രകാരം അപേക്ഷകയായ ശ്രീമതി ഫദ്‌ല ലിജ്നയുടെ ജനനതീയതി 15.05.1987 ആണെന്നും ടിയാൾ പത്താംക്ലാസ്സ് പാസ്സായിട്ടുണ്ട് എന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ ജോലിക്കായി പരേതന്റെ ആശ്രിതരിൽ മറ്റാരുംതന്നെ അപേക്ഷിച്ചിട്ടില്ലായെന്നും ആർക്കും ജോലി ലഭിച്ചിട്ടില്ലായെന്നും അപേക്ഷകനും കോഴിക്കോട് ജില്ലാ കളക്ടറും വ്യക്തമാക്കിയിട്ടുണ്ട്. പരേതന്റെ ആശ്രിത എന്ന നിലയിൽ അപേക്ഷകയായ ശ്രീമതി ഫദ്‌ല ലിജ്നയ്ക്ക് ജോലി നൽകുന്നതിന് പരേതന്റെ മറ്റ് അവകാശികൾ സമ്മതപത്രം നൽകിയിട്ടുണ്ട്. അപേക്ഷകന്റെ കുടുംബ വാർഷിക വരുമാനം 60,000/- രൂപയാണെന്ന് നന്മണ്ട വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

3) മേൽ റിപ്പോർട്ടുകളുടെ വെളിച്ചത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലയിൽ മേലടി ബ്ലോക്ക് പഞ്ചായത്തിൽ എൽ.ഡി.ക്ലാർക്കായി സേവനമനുഷ്ഠിച്ച വരവെ ഇൻവാലിഡ് പെൻഷനിലിരിക്കുന്ന സമയത്ത് മരണമടഞ്ഞ മുഹമ്മദ് സാലിഹിന്റെ മകളായ ശ്രീമതി ഫദ്‌ല ലിജ്ന, തോട്ടോളി വീട്, നാമ്പിണ്ട-പി.ഒ, കോഴിക്കോട്-673 613-ന് സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരം ഗ്രാമവികസന വകുപ്പിൽ ക്ലാർക്ക് തസ്തികയിലേക്ക് 19000-43600 രൂപ ശമ്പള സ്കെയിലിൽ ഭാവിയിൽ ഉണ്ടാകുന്ന ഒഴിവിലേയ്ക്ക് നിയമനം നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഈ നിയമനം സമാശ്വാസ തൊഴിൽദാന പദ്ധതി പ്രകാരമുള്ള നിയമനം നൽകുന്നതിന് നീക്കിവച്ചിട്ടുള്ള ഒഴിവിന്റെ ലഭ്യതയ്ക്കും, പരാമർശം (1)-ലെ സർക്കാർ ഉത്തരവിലെ നിബന്ധനകൾക്കും വിധേയമായിരിക്കും.

4) അപേക്ഷകയ്ക്ക് ഒഴിവിന്റെ ലഭ്യതയനുസരിച്ച് എത്രയും വേഗം ഗ്രാമവികസന കമ്മീഷണർ നിയമന ഉത്തരവ് നല്കേണ്ടതാണ്. ടിയാളെ സർവ്വീസിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പ് സർട്ടിഫിക്കറ്റുകളുടെ അസ്സൽ വാങ്ങി പരിശോധിച്ച് ബോദ്ധ്യപ്പെടേണ്ടതും ചട്ടപ്രകാരമുള്ള മറ്റെല്ലാ നടപടിക്രമങ്ങളും പാലിക്കേണ്ടതുമാണ്. നിയമന വിവരം മരണമടഞ്ഞ ജീവനക്കാരന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തി നിയമനാധികാരി സൂക്ഷിക്കേണ്ടതും, മരണമടഞ്ഞ ഉദ്യോഗസ്ഥൻ ജോലി ചെയ്തിരുന്ന ഓഫീസിലെ എസ്റ്റാബ്ലിഷ്മെന്റ് രജിസ്റ്ററിൽ രേഖപ്പെടുത്തി മേലധികാരി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. അപേക്ഷകയ്ക്ക് നൽകുന്ന നിയമന ഉത്തരവിന്റെ പകർപ്പ് പരിശോധനയ്ക്കായി സർക്കാരിന് ലഭ്യമാക്കേണ്ടതാണ്. അപേക്ഷക വസ്തുതകൾ മറച്ചുവച്ച് തെറ്റായ വിവരങ്ങൾ നൽകിയിരുന്നു എന്ന് വെളിവാകുന്ന പക്ഷം നിയമനത്തിന് അനുമതി നൽകിക്കൊണ്ടുള്ള ഈ ഉത്തരവ് റദ്ദാക്കുന്നതായിരിക്കും.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**സന്തോഷ് കുമാർ എസ്.ആർ.**
ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ഫദ്‌ല ലിജ്ന, തോട്ടോളി വീട്, നാദ്ദിണ്ട-പി.ഒ, കോഴിക്കോട്-673 613 (രജിസ്റ്റേർഡ് പോസ്റ്റ്)

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം/തൃശ്ശൂർ.

ജില്ലാ കളക്ടർ, കോഴിക്കോട്.

ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർ, ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസ്, മേലടി, കോഴിക്കോട്.

ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

✓വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിനായി)

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ